# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം.787

09.08.2017-ൽ മറുപടിയ്ക്ക്

## മൂന്നാറിൽ തീയേറ്റർ ആരംഭിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) ദേവികുളം നിയോജകമണ്ഡലത്തിലെ മൂന്നാറിൽ സിനിമ തീയേറ്റർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) ദേവികുളം നിയോജകമണ്ഡലത്തിലെ മൂന്നാറിൽ തീയേറ്റർ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുക യാണെങ്കിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ഇക്കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) എങ്കിൽ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) തീയേറ്റർ നിർമ്മാണ പദ്ധതിയിൽ മൂന്നാറിനെയും ഉൾപ്പെടുത്തുന്നതിലേയ്ക്കായി പ്രസ്തുത മേഖലയിൽ മൂന്ന് സ്ഥലങ്ങൾ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പരിശോധിച്ചു. അതിൽ ഡി.റ്റി.പി.സി.യുടെ കൈവശമുള്ള ബോട്ട് ക്ലബ്ബിന് സമീപമുള്ള 50 സെന്റ് സ്ഥലം തീയേറ്റർ നിർമ്മാണത്തിന് ഏറ്റവും അനുയോജ്യമാണ് എന്ന് വിലയിരുത്തുക യുമുണ്ടായി. പ്രസ്തുത സ്ഥലം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് ലഭ്യമാക്കുകയാണെങ്കിൽ തീയേറ്റർ നിർമ്മാണ പദ്ധതിയുമായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുന്നോട്ട് പോകുന്നതിനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ